(ബി) തൊഴിലുറപ്പ് തൊഴിലാളികൾക്കുള്ള കൂലി വിതരണത്തിൽ കുടിശ്ശികയുണ്ടോ; വിശദാംശങ്ങൾ നല്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന് പല ജില്ലകളിലും ജില്ലാതല നിർവ്വഹണ ഉദ്യോഗസ്ഥരില്ല എന്ന കാര്യം അറിയാമോ; ഏതെല്ലാം ജില്ലകളിലാണ് ഇത്തരത്തിൽ മുഴുവൻ സമയ നിർവ്വഹണ ഉദ്യോഗസ്ഥർ ഇല്ലാത്തതെന്ന് അറിയിക്കാമോ;

(ഡി) നടപ്പു സാമ്പത്തികവർഷം ഈ പദ്ധതിപ്രകാരം നൽകിയ തൊഴിൽ ദിനങ്ങളെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാണോ; എങ്കിൽ അത് നൽകാമോ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്):

(എ) ഉണ്ട്.

(ബി) ഉണ്ട്. 9-2-2016-ലെ കണക്ക് (എം.ഐ.എസ്.) പ്രകാരം, 136.93 കോടി രൂപ വേതന കുടിശ്ശികയുണ്ട്. സമയബന്ധിതമായി കൂലി വിതരണം ചെയ്യുന്നതിനുള്ള സാങ്കേതികവും ഭരണപരവുമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ജില്ലാതല ചുമതല ജില്ലാ പ്രോഗ്രാം കോർഡിനേറ്റർമാർ കൂടിയായ ജില്ലാകളക്ടർമാർക്കാണ്. എല്ലാ ജില്ലകളിലും ജില്ലാകളക്ടർമാരുണ്ട്. ജില്ലാ കളക്ടറെ സഹായിക്കുന്നതിനായി എല്ലാ ജില്ലകളിലും ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർമാരെ നിയോഗിച്ചിട്ടുണ്ട്. (ഗ്രാമവികസന വകുപ്പിലെ ജോയിന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ/ഡെപ്യൂട്ടി ഡെവലപ്പ്മെന്റ് കമ്മീഷണർ റാങ്കിലുള്ള ഉദ്യോഗസ്ഥൻമാർക്കാണ് ഇപ്രകാരം ചുമതലകൾ നൽകിയിട്ടുള്ളത്.)

(ഡി) വിവരങ്ങൾ ലഭ്യമാണ്. സംസ്ഥാനത്ത്, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ, നടപ്പ് സാമ്പത്തിക വർഷം നാളിതുവരെ (9-2-2016 വരെ) 576.05 ലക്ഷം അവിദഗ്ധ തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

കർഷകർക്കുള്ള ആനുകൂല്യങ്ങളുടെ ഇ-പേമെന്റ്

3 (*123) ശ്രീ. വർക്കല കഹാർ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കർഷകർക്കുള്ള ആനുകൂല്യങ്ങൾ ഇ-പെയ്മെന്റ് വഴി നൽകാൻ കർമ്മ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ):

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ എല്ലാ കർഷകരുടെയും അവരുടെ കൃഷിയെക്കുറിച്ചുമുള്ള സമഗ്രമായ ഒരു ഓൺലൈൻ ഡേറ്റാബേസ് ഉണ്ടാക്കുകയും അതുപയോഗിച്ച് വിവിധ പദ്ധതികളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും പദ്ധതി ആനുകൂല്യങ്ങൾ കർഷകരുടെ അക്കൗണ്ടുകളിൽ നേരിട്ട് നൽകുകയും ചെയ്യുന്നു. കർഷകർക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് ഒട്ടും കാലതാമസം വരാതിരിക്കാനും, കൃഷി ഉദ്യോഗസ്ഥർക്ക് കൂടുതൽ സമയം കാർഷിക വിജ്ഞാന വ്യാപന പ്രവർത്തനങ്ങളിൽ ഏർപ്പെടാനും ഇതുമൂലം സാധിക്കുന്നു.

മൊബൈൽ ഫോൺ ഉള്ള കർഷകർക്ക് സബ്സിഡി തുക അക്കൗണ്ടിലേയ്ക്ക് കൈമാറിയ വിവരം എസ്.എം.എസ്. ആയി അറിയിക്കുവാനുള്ള സംവിധാനവും നിലവിലുണ്ട്. മൊത്തം സബ്സിഡി തുക കോർ ബാങ്കിംഗ് അക്കൗണ്ടിലേയ്ക്ക് നൽകിയതിന്റെ വിവരങ്ങൾ www.ebt.kerala.gov.in/ എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നുമുണ്ട്.

(സി) കർഷകർക്ക് സാമ്പത്തിക ആനുകൂല്യം അവരവരുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് നേരിട്ട് നല്കുന്നതിനായി ബ്ലോക്ക്തല അസിസ്റ്റന്റ് ഡയറക്ടർമാർക്ക് ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിന് അനുമതി നൽകുകയും ആയത് പ്രകാരം അക്കൗണ്ടുകൾ എല്ലായിടത്തും ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൃഷി ഓഫീസർമാർ നൽകുന്ന വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് ഡയറക്ടർമാർ തങ്ങളുടെ ബാങ്ക് അക്കൗണ്ടുകളിൽനിന്നും നേരിട്ട് കർഷകരുടെ അക്കൗണ്ടിലേയ്ക്ക് പണം നിക്ഷേപിക്കുന്നു. സംസ്ഥാനത്തൊട്ടാകെ ഇത് ഇപ്പോൾ നടപ്പിലായിട്ടുണ്ട്. നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ കേരള, കേരളത്തിലെ വിവിധ ബാങ്കുകൾ, സഹകരണ ബാങ്കുകൾ എന്നിവയുടെ പ്രതിനിധികളുടെ യോഗം വിളിച്ച് പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്യുന്നുണ്ട്. കൃഷി വകുപ്പിന്റെ വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥർക്ക് ഇ-പെയ്മെന്റ് സോഫ്റ്റ്വെയർ ഉപയോഗിക്കുന്നതിൽ പരിശീലനവും നല്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly